Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**ധനകാര്യ (എസ്.എഫ്.സി സെൽ ബി)വകുപ്പ്.**

എസ്.എഫ്.സി ബി1/ 71/2017 /ധന തിരുവനന്തപുരം, തീയതി 22/09/2017

**<u>സർക്കുലർ</u>**

വിഷയം:-സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുമ്പോൾ പെൻഷൻ വിതരണം നിർത്തുന്നതു സംബന്ധിച്ച നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുകയാണെങ്കിൽ അവരുടെ പേരിലുള്ള പെൻഷൻ വിതരണം നിർത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടുചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തപ്പെടേണ്ടതാണ്.

(2) സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചിടത്തല്ലാതെയുള്ള പ്രാദേശിക സർക്കാരിൽ റിപ്പോർട്ടുചെയ്യപ്പെടുകയുമാണെങ്കിൽ ടിയാളുടെ മരണം സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന ദിവസം തന്നെ ടിയാന്റെപേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തപ്പെടേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ശർമിള മേരി ജോസഫ്**
സെക്രട്ടറി, ധനകാര്യ (വ്യയം) വകുപ്പ്

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
നോഡൽ ഓഫീസർ,ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ